(11) കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

ശ്രീമതി കെ. ആർ. ഗൗരി: സർ, കഴിഞ്ഞ വെള്ളപ്പൊക്കത്തെത്തുടർന്നുമൂലം കൃഷി നഷ്ടപ്പെട്ടുപോയ, പ്രത്യേകിച്ച് നെൽകൃഷി നഷ്ടപ്പെട്ടുപോയ ചേർത്തല, അരൂർ പ്രദേശങ്ങളിലെ കൃഷിക്കാർക്ക് കിട്ടേണ്ടതായിട്ടുള്ള ആനുകൂല്യം കിട്ടിയില്ലെന്നതാണ് എന്റെ ആക്ഷേപം. കഴിഞ്ഞ വെള്ളപ്പൊക്കം മൂലം ചേർത്തല, അരൂർ പ്രദേശങ്ങളിലെ മുഴുവൻ കരിനിലങ്ങളിലേയും കൃഷി നഷ്ടപ്പെട്ടു. സർ, ഞാൻ മനസ്സിലാക്കിയത് ആലപ്പുഴ ജില്ലയിൽ കൃഷി നഷ്ടപ്പെട്ടുപോയ ആളുകൾക്ക് സഹായം കൊടുക്കുന്നതിനുവേണ്ടി 33 ലക്ഷം രൂപ അലോട്ടുചെയ്തു എന്നാണ്. 38 ലക്ഷം രൂപ അലോട്ടുചെയ്തത് അമ്പലപ്പുഴയിലും കുട്ടനാട് താലൂക്കിലുമുള്ളതായ കൃഷിക്കാർക്ക് മാത്രമാണു കൊടുത്തത്. അതായത് 38 ലക്ഷത്തിൽ 36 ലക്ഷം രൂപയ്ക്ക് വിത്തും, 2 ലക്ഷം രൂപയ്ക്ക് വളവും ആ പ്രദേശങ്ങളിലുള്ള കൃഷിക്കാർക്ക് മാത്രമാണ് കൊടുത്തത്. കഴിഞ്ഞ വർഷം കൃഷി നഷ്ടപ്പെട്ട പാവപ്പെട്ട കൃഷിക്കാർക്ക് അനുവദിച്ച തുക പോലും ഇന്നും കൊടുത്തിട്ടില്ല. 2-ാമത് അനുവദിച്ച 9 ലക്ഷം രൂപ മാറ്റുള്ള പ്രദേശങ്ങളിലേയ്ക്ക് കൊടുക്കുകയാണു ചെയ്തത്. ചേർത്തല താലൂക്കിനെ സംബന്ധിച്ച് കൃഷി നഷ്ടപ്പെട്ട കൃഷിക്കാർക്ക് ഒന്നും കൊടുത്തില്ല എന്നതാണ് വസ്തുത. അതുപോലെതന്നെ കൃഷി നഷ്ടപ്പെട്ട കായലോര നിലങ്ങളിൽ പുതുതായി ബണ്ടുകൾ നിർമ്മിക്കുന്നതിനുവേണ്ടി ഓർഡർ കൊടുത്ത് ടെണ്ടർ വിളിച്ചതിന് ശേഷം, ആലപ്പുഴ ജില്ലയെ സംബന്ധിച്ച് ഞാൻ മനസ്സിലാക്കിയത് ടെണ്ടർ വിളിച്ച വർക്കുകൾക്ക് ഗവൺമെന്റ് 31-ാം തീയതിക്കകം അംഗീകാരം കൊടുക്കാതെ, 31-ാം തീയതിക്കുശേഷം ആ പണം അനുവദിച്ചു വരാതിരിക്കാൻ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുന്നു. ലോറസ്റ്റ് ആയിട്ടുള്ള വർക്കിന്റെ ഷെഡ്യൂളുമായിട്ട് ഇങ്ങോട്ട് വരാനാണ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. വളരെക്കാലമായി ഇങ്ങനെ പക്ഷപാതപരമായി, കൃഷിക്കാരെ തമ്മിൽ വേർതിരിച്ചിട്ട് കാര്യമുണ്ടോ? കഴിഞ്ഞ കൊല്ലം നടന്നതിങ്ങനെയാണ്, ഇന്നും അത് തുടർന്നു വരികയാണ്. ന്യായമായിട്ട് കൃഷിക്കാർക്ക് കിട്ടേണ്ട പൈസ, ഒരു സംഘം ആളുകൾ ഗൂഢമായിട്ട് നിന്നുകൊണ്ട് കൃഷി നഷ്ടപ്പെടാത്ത ആളുകൾക്ക് പോലും വാങ്ങിച്ചു കൊടുക്കാത്തക്ക വിധത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഒരു സംഘം ആളുകൾക്ക് മാത്രം വേണ്ടി ദുരുപയോഗിക്കുന്ന സ്ഥിതിവിശേഷം മാറണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഈ പരാതിയെപ്പറ്റി പ്രത്യേകമായി അന്വേഷിക്കുന്നതാണ്. നോട്ടീസ് കിട്ടിയതിനുശേഷം അതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

V. മേശപ്പുറത്ത് വച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 ആഗസ്റ്റ് 26-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 277/86/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1603/86)

LIBRARY ARCHIVES Kerala Legislative Assembly

(2) 1986 ഒക്ടോബർ 14-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 400/86/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1580/86)

(3) 1986 ഒക്ടോബർ 14-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 401/86/ജി. എ. ഡി. (എസ്. ആർ. ഒ. നമ്പർ 1581/86)

(4) 1986 ഒക്ടോബർ 14-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 402/86/ജി. എ. ഡി. (എസ്.ആർ. ഒ. നമ്പർ 1582/86)

താഴെ പറയുന്ന കടലാസുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(5) 1986 ജൂലായ് 23-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 236/86/ജി.എ. ഡി. (എസ്. ആർ. ഒ. നമ്പർ 1528/86).

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, താഴെ പറയുന്ന കടലാസുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1986 ഒക്ടോബർ 14-ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 272/86/ഐ. ഡി. (എസ്. ആർ. ഒ. നമ്പർ 1699/86)

(2) 1986 ഒക്ടോബർ 31-ാം തീയതിയിലെ പ്രഖ്യാപനം നമ്പർ 38315/ജി?/86/ഐ. ഡി. (എസ്. ആർ. ഒ. നമ്പർ 1602/86)

(3) ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ 1980-81-ലേക്കുള്ള മൂന്നാമതു വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം.

(4) ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡിന്റെ 1981-82-ലേക്കുള്ള നാലാമതു വാർഷിക റിപ്പോർട്ടും കണക്കും, റിവ്യൂ സഹിതം.

(5) കേരള ഓട്ടോമൊബൈൽസ് ക്ലിപ്തത്തിന്റെ 1984-85-ലേക്കുള്ള ഏഴാമത് വാർഷിക റിപ്പോർട്ട് റിവ്യൂ സഹിതം.

(6) സ്കൂട്ടേഴ്സ് കേരള ക്ലിപ്തത്തിന്റെ 1981-82-ലേക്കുള്ള വാർഷിക റിപ്പോർട്ട് റിവ്യൂ സഹിതം.

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസ്സുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985 ഡിസംബർ 27-ാം തീയതിയിലെ വിജ്ഞാപനം നമ്പർ 50329/എഫ്2/84/എൽ. എ. ഡി. (എസ്. ആർ. ഒ. നമ്പർ 334/86)

(2) 1986 മാർച്ച് 12-ാം തീയതിയിലെ ജി. ഒ. എം. എസ്. നമ്പർ 46/86/എൽ. എ. ഡി. (എസ്. ആർ. ഒ. നമ്പർ 574/86)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ധനകാര്യവകുപ്പു മന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1986 ഒക്ടോബർ 21-ാം തീയതിയിലെ ജി. ഒ. (പി.) 142/86/ഡി. ഡി. (എസ്. ആർ. ഒ. നമ്പർ 1714/86)

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986 ഫെബ്രുവരി 12–ാം തീയതിയിലെ ജി. ഒ. (പി.) നമ്പർ 17/86/എഫ്. ആൻഡ് പി. ഡി. (എസ്. ആർ. ഒ. നമ്പർ 711/86)

താഴെപ്പറയുന്ന കടലാസുകൂടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1981 മേയ് 5–ാം തീയതിയിലെ വിജ്ഞാപനം നമ്പർ 46424/ഇ2/80—1/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 542/81). പ്രസ്തുത വിജ്ഞാപനം മേശപ്പുറത്തു വയ്ക്കുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണം കാണിച്ചുകൊണ്ടുള്ള വിശദീകരണക്കുറിപ്പു സഹിതം.

1986 മേയ് 6–ാം തീയതിയിലെ ജി. ഒ. ആർ. ടി. നമ്പർ 749/86/എൽ. ബി. ആർ. (എസ്. ആർ. ഒ. നമ്പർ 681/86).

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1986 നവംബർ 5–ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 148/86/പി. ഡബ്ലിയു. ആർ൯ ററി. (എസ്. ആർ. ഒ. നമ്പർ 1647/86).

VI. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കാര്യോപദേശക സമിതിയുടെ 29–ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: ഇത് ഞങ്ങൾ പൂർണ്ണമായി അംഗീകരിക്കാത്ത റിപ്പോർട്ടാണ്. തീർച്ചയായും വൈകുന്നേരം ഇരിക്കണമെന്നുള്ളതിനോട് ഞങ്ങൾക്ക് എതിർപ്പാണുള്ളത്. ഈ റിപ്പോർട്ട് ഞങ്ങൾ അംഗീകരിച്ചില്ല. അതുകൊണ്ട് അത് വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കൂടുതൽ ദിവസമിരിക്കാൻ ഞങ്ങൾ സന്നദ്ധമാണ്.

മി. സ്പീക്കർ: അത് പരിഗണനയ്ക്കെടുക്കുന്ന സ്റ്റേജിലാണ്:

Minister for Food and Civil Supplies (Shri U. A. Beeran): Sir, I present the report of the Subject Committee on the Kerala Labour Welfare Fund (Amendment) Bill, 1986 together with the Bill as reported by the Subject Committee.

ശ്രീ. പി. സീതിഹാജി: സർ, പബ്ലിക്ക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ 1986–87–ലെ അദ്ധ്യക്ഷനെന്ന നിലയിൽ സമിതിയുടെ 63–ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, പട്ടികജാതി—പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ സമിതിയുടെ 17–ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly